No. CEE/2294/2010/TAIV/MDS

കേരള സർക്കാർ

# പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>വിജ്ഞാപനം</u>

## എം ഡി എസ് ബിരുദാനന്തര ബിരുദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ : 2011

1. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള സർക്കാർ ഡന്റൽ കോളേജുകളിൽ 2011 വർഷത്തെ വിവിധ ബിരുദാനന്തര ബിരുദ ഡന്റൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

   (i) **നേറ്റിവിറ്റി :** അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.

   (ii) **വിദ്യാഭ്യാസ യോഗ്യതകൾ:** കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നു ലഭിച്ചതോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതോ ആയ ബി.ഡി.എസ് ബിരുദം. 15.04.2011നോ അതിനു മുമ്പോ ഒരു വർഷത്തെ ഹൗസ് സർജൻസി പൂർത്തിയാക്കുന്നവർക്കും പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ ഇവർ പ്രവേശനത്തിന് മുമ്പ് കേരള ഡന്റൽ കൗൺസിൽ രജിസ്ട്രേഷൻ നേടിയിരിക്കണം.

   **(iii) വയസ്സ്:** അപേക്ഷകരുടെ ഉയർന്ന പ്രായപരിധി 2011 ഏപ്രിൽ 30നു ജനറൽ വിഭാഗത്തിൽ 45 വയസ്സും സർവ്വീസ് വിഭാഗത്തിൽ 47 വയസ്സും ആയിരിക്കും. ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ ക്വോട്ടയിലേയ്ക്ക് അപേക്ഷിക്കുന്നവർക്ക് 30.04.2011ൽ 45 വയസ്സ് കഴിയരുത്.

3. **പ്രവേശന പരീക്ഷ:** സർവ്വീസ് വിഭാഗക്കാരുൾപ്പെടെ കോഴ്സിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന എല്ലാവരും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷ എഴുതി അതിൽ കുറഞ്ഞത് 50% മാർക്ക് നേടിയിരിക്കണം.(എസ്.സി/എസ്.ടി/എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് 40%)

   പ്രവേശന പരീക്ഷ **2011 ഫെബ്രുവരി 9 -ാം തീയതി (ബുധൻ)** തിരുവനന്തപുരത്ത് വച്ച് നടത്തുന്നതാണ്. പ്രവേശന പരീക്ഷയ്ക്ക് **3** മണിക്കൂർ ദൈർഘ്യമുള്ള **200** ചോദ്യങ്ങളുള്ള ഒരു പേപ്പറാണുള്ളത്. ചോദ്യങ്ങൾ ഒബ്ജക്ടീവ് മാതൃകയിലുള്ളതായിരിക്കും.

   അവസാനഘട്ട അലോട്ടുമെന്റിനു ശേഷവും ഒഴിവു വരുന്ന സീറ്റുകളിലേയ്ക്ക് പ്രോസ്പെക്ടസ്സ് നിബന്ധന IX (vi) പ്രകാരമുള്ള അപേക്ഷാർത്ഥികളെ പരിഗണിക്കുന്നതാണ്. അപേക്ഷയുടെ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്കും അവയുടെ ഒരു പകർപ്പ് അവരവരുടെ സ്ഥാപന മേധാവികൾ മുഖേന മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും അവസാന തീയതിക്കു മുമ്പായി അയച്ചുകൊടുക്കേണ്ടതാണ്.

4. **അപേക്ഷാഫോറം:** അപേക്ഷാഫോറത്തിന്റെ മാതൃകയും പ്രോസ്പെക്ടസ്സും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ) നിന്നും 06.01.2011 മുതൽ ലഭ്യമാക്കുന്നതാണ്. ജനറൽ വിഭാഗത്തിനും സർവ്വീസ് വിഭാഗത്തിനും പൊതുവായ അപേക്ഷാഫോറമാണുള്ളത്. അപേക്ഷാഫോറത്തിന്റെ മാതൃക ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച്, നിർദ്ദിഷ്ട രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും എടുത്ത തിരുവനന്തപുരത്തു മാറാവുന്ന **1000/-** രൂപയുടെ (പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് **500/-** രൂപ) ഡിമാന്റ് ഡ്രാഫ്റ്റും സഹിതം സമർപ്പിക്കാവുന്നതാണ്. ജനറൽ വിഭാഗത്തിലും അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗം അപേക്ഷാർത്ഥികൾ ഒരു

അപേക്ഷാഫോറം സമർപ്പിച്ചാൽ മതിയാകും. പ്രോസ്പെക്ടസ്സിലെ ക്ലോസ് X B (ii), V എന്നിവയിലെ നിബന്ധനകൾ ബാധകമായിരിക്കും. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. അപേക്ഷാഫോമുകൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ലഭിക്കുന്നതല്ല.

5. **പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി**: സർവ്വീസ് വിഭാഗക്കാരുടേതുൾപ്പെടെ പൂരിപ്പിച്ച അപേക്ഷാഫോമും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട മറ്റു രേഖകളും **2011 ജനുവരി 24-ാം തീയതി** (തിങ്കൾ) വൈകുന്നേരം 5 മണിക്കു മുമ്പായി നേരിട്ടോ രജിസ്ട്രേഡ് തപാൽ മുഖാന്തിരമോ സ്പീഡ് പോസ്റ്റ് വഴിയോ "**കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001**" എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾ അപേക്ഷയുടെ ഒരു പകർപ്പും ക്ലോസ് X(c) ൽ പറഞ്ഞിരിക്കുന്ന രേഖകളുടെ പകർപ്പുകളും ബന്ധപ്പെട്ട മേലുദ്യോഗസ്ഥന് (ഡി.എം.ഇ/ഡി.എച്ച്.എസ്) **2011 ജനുവരി 24-ാം തീയതി (തിങ്കൾ) വൈകുന്നേരം 5 മണിക്കു** മുമ്പായി സമർപ്പിക്കേണ്ടതാണ്.

6. വൈകി ലഭിക്കുന്നതും, അപാകതയുള്ളതും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

7. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

8. അപേക്ഷാഫോമിൽ നിശ്ചിതഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാഫോമിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

9. പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയവരുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ജനറൽ വിഭാഗം പരീക്ഷാർത്ഥികളുടെ ലിസ്റ്റും, പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്ന സർവ്വീസ് വിഭാഗം അപേക്ഷകരുടെ ഒരു പ്രത്യേക ലിസ്റ്റും പ്രവേശന പരീക്ഷാ കമ്മീഷണർ മെഡിക്കൽ വിദ്യാഭ്യസ ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നതാണ്. സർവ്വീസ് ക്വോട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ്, പ്രവേശനം എന്നിവ പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യസ ഡയറക്ടർ നടത്തുന്നതാണ്.

10. സർക്കാർ അംഗീകരിച്ചതും മെഡിക്കൽ വിദ്യാഭ്യസ ഡയറക്ടർ പുറപ്പെടുവിച്ചതും **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യവുമായ 2011ലെ എം.ഡി.എസ് പ്രോസ്പെക്ടസ്സിലുള്ള വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.



തിരുവനന്തപുരം
06.01.2011

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**